**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** | **27-06-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ ശൃംഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ ശൃംഖല ശാക്തീകരിക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | പൊതുവിതരണരംഗം ശാക്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളുടെ അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തി വൈവിധ്യവത്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻ കടയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്ക് പുറമേ സ്മാർട്ട് റേഷൻകാർഡുകളുടെ സഹായത്തോടെ 5000/ രൂപ വരെയുള്ള ബാങ്കിംഗ് ഇടപാടുകൾ, സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബ ബ്രാൻഡ് ഉത്പന്നങ്ങൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, യൂട്ടിലിറ്റി പേയ്മെന്റ് സംവിധാനം, മിനി എൽ.പി.ജി സിലിണ്ടർ എന്നിവ റേഷൻകടകളിലൂടെ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റേഷൻകടകളിലൂടെ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ എത്തിക്കുവാൻ കഴിയും എന്നതി പുറമേ റേഷൻ വ്യാപാരികൾക്ക് അധിക വരുമാനം കണ്ടെത്തുവാനും പ്രസ്തുത പദ്ധതിയിലൂടെ കഴിയുന്നു. RFP മുഖേന തെരഞ്ഞെടുക്കുന്ന ദേശസാത്കൃത ബാങ്കിന്റെയും ബാങ്കിന് റേഷൻ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റേയും സഹകരണത്തോടെയാ |

| | | | |
|---|---|---|---|
| | | | ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ് 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെ - സ്റ്റോർ പദ്ധതിയിലേക്ക് റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവയാണ്.<br><br>1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട ആയിരിക്കണം.<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ മുന്നോട്ട് വരുന്ന റേഷൻ വ്യാപാരികളെയാണ് പരിഗണിക്കുന്നത്.<br><br>3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത റേഷൻകടകൾക്ക് മുൻഗണന നൽകും.<br><br>കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ആയിരം റേഷൻകടകൾ കേരള-സ്റ്റോർ എന്ന പേരിൽ സ്മാർട്ട് റേഷൻ കടകളാക്കി മാറ്റാനുള്ള പദ്ധതിയെക്കുറിച്ച് അറിയിക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | റേഷൻ വിതരണം സുതാര്യമായും അഴിമതിരഹിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | റേഷൻ വിതരണം സുതാര്യമായും അഴിമതിരഹിതമായും നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം<br>2. ഇ-പോസ് മെഷീനുകളുടെ ഉപയോഗം<br>3. വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കുവാനുള്ള സംവിധാനം<br>4. “സഞ്ചരിക്കുന്ന റേഷൻകട” പദ്ധതി<br>5. ശക്തമായ പരിശോധനാ സംവിധാനം |

| | | | |
|---|---|---|---|
| | | | 6. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായ നടപടി സ്വീകരിക്കൽ<br>7. എല്ലാ മാസവും ആദ്യത്തെ വെള്ളിയാഴ്ച രണ്ടു മണി മുതൽ മൂന്നു മണി വരെ റേഷൻ മേഖലയുമായി ബന്ധപ്പെട്ട ജനങ്ങളുടെ പരാതി ഫോണിലൂടെ കേട്ട് പരിഹാരം കണ്ടെത്താൻ ശ്രമിച്ച് വരുന്ന<br><br>ഇതിനു പുറമേ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കൽ, എല്ലാ ഗോഡൗണിലും സി.സി.ടി.വി. നിരീക്ഷണം ഏർപ്പെടുത്തൽ എന്നിവ പുരോഗമിച്ചു വരുന്നു. കൂടാതെ തൂക്കത്തിലെ കൃത്യത ഉറപ്പു വരുത്തുന്നതിനായി ഇലക്ട്രോണിക് ത്രാസ് ഇ-പോസുമായി ബന്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.<br><br>പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order, 2021 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഏപ്രിൽ 2022, മേയ് 2022 എന്നീ മാസങ്ങളിൽ യഥാക്രമം 7860, 7052 റേഷൻ കടകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ട്. |
| (ഡി) | ഭക്ഷ്യധാന്യ കമ്മി നേരിടുന്ന കേരളത്തിന് പര്യാപ്തമായ അളവിൽ ഭക്ഷ്യധാന്യം അനുവദിക്കാതിരിക്കുകയും അധിക വിഹിതമായി നൽകിയിരുന്ന ഗോതമ്പ് നിർത്തലാക്കുകയും ചെയ്യുത് ഭക്ഷ്യക്ഷാമത്തിനും വിലക്കയറ്റത്തിനും കാരണമാകാനിടയുള്ളതിനാൽ അധിക വിഹിതം പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (ഡി) | മാനദണ്ഡങ്ങൾക്കനുസരിച്ച് ഭക്ഷ്യധാന്യങ്ങളുടെ കരുതൽ ശേഖരം ഉറപ്പുവരുത്തുക, ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നതിന് അനുയോജ്യമായ വിധത്തിൽ അരിയുടെ സ്റ്റോക്ക് ക്രമീകരിക്കുക എന്നീ കാരണങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് കേരളത്തിന് ടൈഡ് ഓവർ വിഹിതമായി പ്രതിമാസം ലഭിച്ചു കൊണ്ടിരുന്ന 6459.074മെ.ടൺ ഗോതമ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയത്. ഇതിനു പുറമേ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം മുൻഗണനാ വിഭാഗത്തിന് അധികവിഹിതമായി ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളിൽ നിന്നും ഗോതമ്പ് പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. നിർത്തലാക്കിയ ഗോതമ്പ് വിഹിതത്തിന് പകരമായി അരി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും, പൊതുവിതരണ |

| | | | |
|---|---|---|---|
| | | | സമ്പ്രദായത്തിലൂടെ മുൻഗണനേതര വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പ് വിതരണം ഇതോടെ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. നിർത്തലാക്കിയ ഗോതമ്പിനു പകരം അരി ലഭ്യമാക്കുമെന്നതിനാൽ ഭക്ഷ്യക്ഷാമമുണ്ടാകാൻ ഇടയില്ലെങ്കിലും ഗോതമ്പിന്റെയും ഗോതമ്പ് ഉത്പന്നങ്ങളുടെയും വില വർദ്ധനവിന് ഇത് കാരണമായേക്കും. സംസ്ഥാനത്തെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട 57ലക്ഷം കാർഡുടമകൾക്ക് ഇനിമുതൽ പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഗോതമ്പ് ലഭ്യമാകാത്ത ഗൗരവതരമായ ഒരു സാഹചര്യവും ഇതു മൂലം ഉണ്ടാകുന്നു.<br><br>ജീവിത ശൈലീ രോഗങ്ങൾ കാരണം ഗോതമ്പിനെ ഭക്ഷണത്തിനായി ആശ്രയിക്കുന്ന വലിയൊരു വിഭാഗം ജനങ്ങൾ കേരളത്തിലുണ്ട് എന്നത് ഒരു വസ്തുതയാണ്.<br><br>നിർത്തലാക്കിയ ടൈഡ് ഓവർ വിഹിതം ഗോതമ്പ് അടിയന്തിരമായി പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 2022 മെയ് 20 ന് ബഹു. കേന്ദ്ര ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ